**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4026** **17-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് കീഴിൽ പുനലൂർ മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | 1. <u>സുഭിക്ഷ - വിശപ്പ് രഹിതം പദ്ധതി</u><br><br>പുനലൂർ താലൂക്കിൽ പുനലൂർ ടൗണിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കൈവശത്തിലുള്ള കെട്ടിടത്തിൽ 03-05-2023 മുതൽ വിശപ്പ് രഹിത ഭക്ഷണശാലയായ സുഭിക്ഷാ ഹോട്ടൽ പ്രവർത്തിച്ചു വരുന്നു. ടി ഹോട്ടലിൽ ഒരുമാസം ഏകദേശം 7000 എണ്ണം വരെ ഉച്ചയൂണ് വിതരണം ചെയ്ത് വരുന്നുണ്ട്.<br><br><u>2. തെളിമ പദ്ധതി</u><br><br>റേഷൻ കാർഡിലെ തെറ്റുകൾ തിരുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് തെളിമ പദ്ധതി. ടി പദ്ധതി പ്രകാരം പുനലൂർ താലൂക്കിൽ ലഭ്യമായ 610 അപേക്ഷകളിന്മേലും നടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുള്ളതാണ്.<br><br><u>3. ഓപ്പറേഷൻ യെല്ലോ പദ്ധതി</u><br><br>അനർഹമായ മുൻഗണനാ റേഷൻകാർഡുകൾ കണ്ടെത്തി പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനായി നടപ്പിലാക്കിയ പദ്ധതിയായ 'ഓപ്പറേഷൻ യെല്ലോ' പദ്ധതി പ്രകാരം പുനലൂർ താലൂക്കിൽ മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ച 10 അനർഹരെ കണ്ടെത്തുകയും പിഴത്തുകയായി 99557/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br><br><u>4. സുജലം പദ്ധതി</u><br><br>പൊതുജനങ്ങൾക്ക് റേഷൻ കടകൾ വഴി 10/- രൂപ നിരക്കിൽ കുപ്പി വെള്ളം നൽകുന്ന 'സുജലം പദ്ധതി' പുനലൂർ താലൂക്കിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br><u>5. കരുതലും കൈത്താങ്ങും</u> |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനായി താലൂക്ക് തലത്തിൽ നടത്തിയ 'കരുതലും കൈത്താങ്ങും' അദാലത്ത് മുഖേന പുനലൂർ താലൂക്കിൽ ലഭ്യമായ 173 അപേക്ഷകളിന്മേലും നടപടി പൂർത്തിയാക്കിയിട്ടുണ്ട്.<br><br><u>6. ഭാസുര</u><br><br>ദേശീയ ഭക്ഷ്യഭദ്രതാ നിയമവുമായി ബന്ധപ്പെട്ട് ഗോത്ര വിഭാഗങ്ങളിൽ ഭക്ഷ്യസുരക്ഷയെ കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുന്നതിനായുള്ള ഗോത്രവർഗ്ഗ വനിതാ കൂട്ടായ്മയായ 'ഭാസുര' പ്രകാരം പുനലൂർ താലൂക്കിലെ കോളനികളായ കടമാൻകോട്, മുതലമട എന്നിവിടങ്ങളിൽ 23-12-2021, 19-03-2022 തീയതികളിൽ ബഹു. ഭക്ഷ്യ കമ്മീഷൻ സന്ദർശനം നടത്തുകയും വിവിധ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട് കൂടാതെ, ജില്ലയിൽ 94 കെ-സ്റ്റോറുകളും നിലവിൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ